## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6346

08.07.2014 - ൽ
മറുപടിയ്ക്ക്

### എ.ആർ ക്യാമ്പിൽ നിന്നും സിവിൽ പോലീസ് ഓഫീസർമാരെ ലോക്കൽ സ്റ്റേഷനിലേക്ക് മാറ്റി നിയമിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ് ജയലാൽ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ പോലീസ് സേനയിൽ കഴിഞ്ഞ മൂന്ന് വർഷമായി ധാരാളം ഉദ്യോഗസ്ഥർ വിരമിച്ചുവെങ്കിലും, ആയതിന് ആനുപാതികമായി സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് പോലീസ് ഉദ്യോഗസ്ഥരെ കൊല്ലം എ.ആർ ക്യാമ്പിൽ നിന്നും, കൊല്ലം സിറ്റി ലോക്കലിലേക്ക് മാറ്റി നിയമിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ; | (എ) ഇല്ല. കൊല്ലം ജില്ലയിൽ ലോക്കൽ വിഭാഗത്തിലെ സിവിൽ പോലീസ് ഓഫീസർമാരുടെ എണ്ണം നിലവിൽ അധികമാണ്. |
| (ബി) പ്രസ്തുത സ്ഥലം മാറ്റങ്ങളുടെ തുടർച്ചയായി കെഎപി മൂന്നാം ബറ്റാലിയനിൽ നിന്നും ഉദ്യോഗസ്ഥരെ കൊല്ലം എ.ആർ ക്യാമ്പിലേക്ക് മാറ്റിയിട്ടില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം അറിയിക്കുമോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സ്ഥലം മാറ്റ കാര്യങ്ങളിൽ പാലിക്കേണ്ട അടിസ്ഥാന തത്വങ്ങൾ പിൻതുടരുന്ന കാര്യം ഉറപ്പു വരുത്തുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ് ? | (സി) സ്ഥലംമാറ്റ കാര്യങ്ങളിൽ നിഷ്ക്കർഷിച്ചിട്ടുള്ള അടിസ്ഥാന തത്വങ്ങൾ കൃത്യമായി പാലിക്കണമെന്ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ